**കേരള സർക്കാർ**
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം- 695 001.

**<u>വിജ്ഞാപനം</u>**

<u>കീം-2021</u>

**<u>ആയുർവേദ / ഹോമിയോ / സിദ്ധ / യുനാനി /</u>**
**<u>മെഡിക്കൽ അലൈഡ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം</u>**
**<u>കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.</u>**

2021 ലെ ആയുർവേദ /ഹോമിയോ/സിദ്ധ/യുനാനി/അഗ്രികൾച്ചർ /ഫോറസ്ട്രി/ ഫിഷറീസ് /വെറ്ററിനറി/ കോഓപ്പറേഷൻ & ബാങ്കിംഗ്, ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയൺമെൻറൽ സയൻസ്, ബി.ടെക് ബയോടെക്നോളജി (Under KAU) കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെൻറ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ എന്നിവയും, അലോട്ട്മെൻറ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി എന്നിവയും, ഫീസ് സംബന്ധമായ വിവരങ്ങളും അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അവരവരുടെ ഹോം പേജിലെ 'Data Sheet' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് (13.02.2022 മുതൽ) ഡാറ്റാ ഷീറ്റ് പ്രിന്റ് ചെയ്തെടുക്കാവുന്നതാണ്. ഡാറ്റാ ഷീറ്റ്, അലോട്ട്മെന്റ് മെമ്മോ, പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള രേഖകൾ എന്നിവ പ്രവേശനം നേടുന്ന സമയത്ത് കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാകേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അതാത് കോളേജിൽ ഹാജരായി **14.02.2022 മുതൽ 17.02.2022 ഉച്ചയ്ക്ക് 2.00 മണി** വരെ പ്രവേശനം നേടാവുന്നതാണ്.

സർക്കാർ/എയ്ഡഡ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ കോഴ്സിന്റെ മുഴുവൻ ഫീസും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. എന്നാൽ സ്വാശ്രയ കോളേജുകളിൽ അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെൻറ് മെമ്മോയിൽ

പ്രവേശനപരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതായി കാണിച്ചിട്ടുള്ള തുക മാത്രം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. ബാക്കി തുക കോളജിൽ പ്രവേശനം നേടുന്ന സമയത്ത് ഒടുക്കേണ്ടതാണ്. അലോട്ട്മെൻറ് ലഭിച്ച എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ / ഒ.ഇ.സിക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ, 20.06.2005 തീയതിയിലെ G.O.(Ms)No.25/2005/SCSTDD, G.O.(Ms)No.10/2014/BCDD തീയതി 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ഗവണ്മെന്റ് അംഗീകൃത ഫീസ് സൗജന്യത്തിനു അർഹരാണ്. എന്നാൽ ഇവർ 1000/- രൂപ ടോക്കൺഫീസ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെൻറ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുമായ **ഫീസ് 13.02.2022, മുതൽ 17.02.2022 വരെയുള്ള** തീയതികളിൽ ഓൺലൈൻ പേയ്മെൻറ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ (പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്) ഒടുക്കിയശേഷം അലോട്ട്മെൻറ് ലഭിച്ച കോളേജുകളിൽ **2022 ഫെബ്രുവരി 14 മുതൽ ഫെബ്രുവരി 17 ഉച്ചയ്ക്ക് 2.00** മണി വരെ പ്രവേശനം നേടാവുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:** *അലോട്ട്മെന്റ് ലഭിച്ചവരിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ ലഭിച്ച അലോട്ട്മെൻറും , ബന്ധപ്പെട്ട സ്ട്രീമിൽ ഹയർ ഓപ്ഷനുകളുണ്ടെങ്കിൽ അവയും റദ്ദാകുന്നതാണ്. ഈ വിദ്യാർഥികൾ, ബന്ധപ്പെട്ട സ്ട്രീമുകളിലുൾപ്പെട്ട കോളജ് -കോഴ്സുകളിലെ തുടർന്നുള്ള കേന്ദ്രീകൃത അലോട്ട്മെൻറുകളിൽ പങ്കെടുക്കാൻ യോഗ്യരല്ലാതാകുന്നതുമാണ്.*

*ഹെൽപ് ലൈൻ നം. 0471 2525300*

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.02.11 16:53:09 IST
Reason: Approved

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
**11/02/2022**